# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 735 — 28.09.2011-ലെ മറുപടിക്ക്

## മുടങ്ങിക്കിടക്കുന്ന ശുദ്ധജല പദ്ധതികൾ പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് സാമ്പത്തിക പരാധീനത മൂലം പൂർത്തീകരിക്കുവാൻ സാധിക്കാതെ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന 40 ഓളം ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുവാനായി പദ്ധതി രേഖ തയ്യാറാക്കി 2010-ൽ കൂടിയ എസ്.എൽ.എസ്.എസ്.സി.യിൽ സമർപ്പിച്ച് 181.2 കോടി രൂപയ്ക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടും സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) 5/6/2010-ൽ കൂടിയ എസ്.എൽ.എസ്.എസ്.സി 181.20 കോടി രൂപയുടെ 40 കവറേജ് പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) എസ്.എൽ.എസ്.എസ്.സി. അംഗങ്ങൾ ആരൊക്കെയായിരുന്നു;

(ബി) എസ്.എസ്.എസ്.എസ്.സി - അംഗങ്ങൾ താഴെ പറയുന്നവരാണ്.

| | |
|---|---|
| 1. സെക്രട്ടറി ടു ഗവൺമെന്റ് (വാട്ടർ സപ്ലൈ, ഗവൺമെന്റ് ഓഫ് കേരള | ചെയർമാൻ |
| 2. ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി | കൺവീനർ |
| 3. ചെയർമാൻ, കേരള വാട്ടർ അതോറിറ്റി | മെമ്പർ |
| 1. സെക്രട്ടറി ടു ഗവൺമെന്റ്, പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് (അല്ലെങ്കിൽ നോമിനി) | മെമ്പർ |

| | |
|---|---|
| 5. സെക്രട്ടറി ടു ഗവൺമെന്റ് ഫിനാൻസ് (എക്സ്പെൻഡിച്ചർ) ഡിപ്പാർട്ട്മെന്റ് (അല്ലെങ്കിൽ നോമിനി) | - മെമ്പർ |
| 6. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി | - മെമ്പർ |
| 7. റെപ്രസെന്റേറ്റീവ് ഫ്രം ആർ. ജി.എൻ.ഡി.ഡബ്ല്യു.എം., ന്യൂഡൽഹി) | - മെമ്പർ |
| 8. ഡയറക്ടർ, സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ്, കേരള സ്റ്റേറ്റ്, തിരുവനന്തപുരം | - മെമ്പർ |
| 9. അക്കൗണ്ട്സ് മെമ്പർ, കേരള വാട്ടർ അതോറിറ്റി | - മെമ്പർ |
| 10. ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം ( അല്ലെങ്കിൽ നോമിനി) | - മെമ്പർ |
| 11. എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡബ്ല്യു.എസ്.എ | - മെമ്പർ |

(സി) മുൻകാലങ്ങളിൽ എസ്.എൽ.എസ്.എസ്.സി. അംഗീകാരം ലഭിച്ച പദ്ധതികൾ ഭരണാനുമതിക്കായി സി.ടി.ഇ.ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതികളുടെ ഭരണാനുമതിക്ക് സി.ടി.ഇ.യുടെ അനുമതി ആവശ്യമുണ്ടോ;

(സി) & (ഡി) മുൻകാലങ്ങളിൽ എസ്.എൽ.എസ്.എസ്.സി അംഗീകാരം ലഭിച്ച പദ്ധതികൾ ഭരണാനുമതിയ്ക്കായി സി.ടി.ഇയ്ക്ക് സമർപ്പിക്കാറില്ല. എന്നാൽ 40 ബൃഹത്തായ പദ്ധതികൾ ഉൾക്കൊള്ളുന്നതിനാലാണ് ധനകാര്യ വകുപ്പിന് നൽകിയിട്ടുള്ളത്.

(ഇ) ഭരണാനുമതി വൈകുന്നതുമൂലം സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമോ;

(എഫ്) പദ്ധതിയുടെ ഭരണാനുമതി വൈകുന്നതുമൂലം പദ്ധതി പൂർത്തീകരണത്തിനായി അധിക സാമ്പത്തിക സഹായം ആവശ്യമായി വരുമോ;

(ഇ) & (എഫ്) പുതുക്കിയ നിരക്കുകൾ പ്രകാരം പദ്ധതിയുടെ ചെലവുകൾ അധികരിക്കുവാൻ സാധ്യതയുണ്ട്.

(ജി) ...സ്തുത പദ്ധതികൾ പൂർത്തീകരിച്ചാൽ ...ത്ര ജനങ്ങൾക്ക് ഗുണം ലഭിക്കും;

പ്രസ്തുത 40 പദ്ധതികൾ പൂർത്തീകരിച്ചാൽ 17.35 ലക്ഷം ജനങ്ങൾക്ക് ഗുണം ലഭിക്കും.

(എച്ച്) ...മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഹൈലെ... കമ്മിറ്റി വിളിച്ചുകൂട്ടി ഈ 40 പദ്ധതി...ക്കും ഭരണാനുമതി നൽകുവാനുള്ള ...പടികൾ എടുക്കുകയും പദ്ധതി സമയബ...തമായി പൂർത്തീകരിക്കുവാനുള്ള നടപ...ൾ സ്വീകരിക്കുമോ;

ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഐ) ...ക്കാരിന്റെ അടുത്ത ഒരു വർഷത്തേക്കു... കർമ്മ പദ്ധതിയിൽ പ്രസ്തുത പദ്ധതി...ൾ ഉൾപ്പെടുത്താൻ ശ്രമിക്കുമോവെന്ന...യിക്കുമോ?

ഭരണാനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ